ബി. ആർ. ഹിൽസ് സഞ്ചാരികളുടെ പ്രിയ സങ്കേതം

പുൽപള്ളി: പശ്ചിമഘട്ട വനനിരകളിലെ ബി.ആർ.ഹിൽസിലേക്ക് സഞ്ചാരി പ്രവാഹം. നിബിഡ വനവും കുന്നുകളും നൽകുന്ന ശബളിമ ആസ്വദിക്കാനാണ് കർണാടകയിലെ ബിളിഗരംഗനബേട്ട (ബി.ആർ.ഹിൽസ്) യിലേക്ക് സഞ്ചാരികൾ ധാരാളമായി എത്തുന്നത്.

വീരപ്പന്റെ ഭീഷണി മൂലം ഇവിടേക്ക് യാത്രക്കാരെ അനുവദിക്കാറില്ലായിരുന്നു. ചാമരാജ് നഗറിൽ നിന്ന് ഇവിടേക്കുള്ള പാതയിൽ വനം ആരംഭിക്കുന്ന ഭാഗത്ത് ചെക്ക് പോസ്റ്റുകൾ നിർമിച്ച് സ്പെഷൽ ടാസ്ക് ഫോഴ്സ് കാവൽ നിന്നിരുന്നു. യന്ത്രത്തോക്കുകളുമായി സദാ സമയവും ഭടൻമാർ ഈ റൂട്ടിൽ റോന്ത് ചുറ്റിയിരുന്നു. വനം പൊലീസ് അധികൃതരുടെ മുൻകൂട്ടിയുള്ള അനുമതിയോടെ മാത്രമായിരുന്നു ഇവിടേക്കുള്ള യാത്ര.

ഭയപ്പാടോടെയായിരുന്നു മല ഞ്ചെരുവിലൂടെയുള്ള യാത്ര. എന്നാൽ വീരപ്പന്റെ കാലം കഴിഞ്ഞതോടെ ഇതുവഴി സഞ്ചാരികളുടെ പ്രവാഹമായി. കർണാടകയുടെ വിവിധ ഭാഗങ്ങൾക്ക് പുറമെ കേരളം, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നും ഇപ്പോൾ ധാരാളം സഞ്ചാരികൾ എത്തുന്നു.

ഗുണ്ടൽപേട്ട, ചാമരാജ് നഗർ, യെലണ്ടർ വഴിയാണ് ബി.ആർ.ഹിൽസിലെത്തുക. ഗുണ്ടൽപേട്ടയിൽ നിന്ന് 60കിലോമീറ്ററും ബാംഗ്ലൂരിൽ നിന്ന് 175 കിലോമീറ്ററും അകലമുണ്ട്. ബിളിഗിരിരംഗനാഥസ്വാമി ക്ഷേത്രത്തിൽ പൂജയർപ്പിക്കാൻ വിശേഷ ദിവസങ്ങളിൽ നിരവധി പേർ മലമുകളിലെത്തുന്നു. നൂറ്റാണ്ടുകൾ പഴക്കമുള്ള ക്ഷേത്രമാണിത്. തിരുപ്പതിക്ക് പകരം ഇവിടെ എത്തി പൂജ നടത്തിയാൽ മതിയെന്നും വിശ്വാസമുണ്ട്. ആദ്യകാലങ്ങളിൽ ഗോത്രവിഭാഗക്കാർ പൂജ നടത്തിയിരുന്ന സ്ഥലമാണിത്.

ക്ഷേത്ര പരിസരത്തു നിന്നുള്ള കാഴ്ചകൾ മനംകവരുന്നതാണ്. പച്ചപുതച്ച കുന്നുകളും കടൽക്കരയേക്കാൾ ശക്തമായ കാറ്റും ഏതൊരാൾക്കും കുളിർമയേകും. അഗാധമായ കൊക്കകളിൽ ആരും വീഴാതാരിക്കാൻ ഇരുമ്പു വേലി കെട്ടിയിരിക്കുകയാണ്. ഊട്ടിയിലെ കാലാവസ്ഥയാണ് ഈ കുന്നിൻമുകളിലും.

കർണാടകയിലെ ബിളിഗിരി രംഗനബേട്ട ക്ഷേത്ര പരിസരത്ത് നിന്നുള്ള ഒരു ദൃശ്യം.

കേന്ദ്ര പാക്കേജ് നിരാശാജനകം: സമര സമിതി

ബത്തേരി: മുപ്പത്തൊന്ന് ജില്ലകൾക്കായി കേന്ദ്രം പ്രഖ്യാപിച്ച 698 കോടി രൂപയുടെ കാർഷിക പാക്കേജ് തീർത്തും അപര്യാപ്തവും നിരാശാജനകവുമാണെന്ന് വയനാട് കർഷക സമര സമിതി കുറ്റപ്പെടുത്തി.

വയനാട്ടിൽ മാത്രം 501 കോടി രൂപയുടെ ധനസഹായം വേണമെന്ന് സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു. കാർഷിക പ്രതിസന്ധി രൂക്ഷമാക്കിയതും കാർഷികോൽപന്നങ്ങളുടെ വില തകർന്നതും കേന്ദ്ര നയങ്ങൾ മൂലമാണ്. കാർഷിക കാർഷികേതര വ്യത്യാസമില്ലാതെ മുഴുവൻകടങ്ങളും പലിശ സഹിതം എഴുതി തള്ളാൻ കേന്ദ്ര, കേരള സർക്കാരുകൾ തയ്യാറാകണമെന്നാണ് സമര സമിതി ആവശ്യപ്പെടുന്നത്.

കാർഷിക പ്രതിസന്ധി പരിഹരിക്കാൻ നടപടികൾ എടുക്കണമെന്നാവശ്യപ്പെട്ട് എം.പി.മാരുടെ സഹായത്തോടെ പ്രധാനമന്ത്രിയേയും കേന്ദ്രമന്ത്രിമാരേയും സന്ദർശിച്ച് നിവേദനം നൽകാൻ യോഗം തീരുമാനിച്ചു. എം.എൽ.എ മാരായ പി.കൃഷ്ണപ്രസാദ്, എം.വി.ശ്രേയാംസ്കുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സി.എം.സരസമ്മ, സമര സമിതി നേതാക്കളായ കെ.കെ.ജേക്കബ്, എം.സുരേന്ദ്രൻ, വി.പി.വർക്കി, സി.എം.ശിവരാമൻ, പി.കെ.വിജയൻ എന്നിവർ ഉൾപ്പെട്ടതാണ് നിവേദക സംഘം.

ടി.ടി.ഐ. കലോൽസവം 22 മുതൽ ബത്തേരി ഡയറ്റിൽ

ബത്തേരി: ഈ വർഷത്തെ ടി.ടി.ഐ. ജില്ലാ കലോൽസവം 22, 23 തീയതികളിൽ വിപുലമായ പരിപാടികളോടെ ബത്തേരി ഡയറ്റിൽ നടക്കുമെന്ന് കൺവീനർ ഡയറ്റ് പ്രിൻസിപ്പൽ ജോർജ് ജോസഫ്, സീനിയർ ലക്ചറർ കെ.കെ.സുരേന്ദ്രൻ എന്നിവർ അറിയിച്ചു.

ഇതാദ്യമായാണ് ടി.ടി.സി. വിദ്യാർഥികൾക്ക് മാത്രമായി ജില്ലാ കലോൽസവം നടത്തുന്നത്. കഴിഞ്ഞ വർഷം വരെ സ്കൂൾ കലോൽസവത്തോടൊപ്പമായിരുന്നു ടി.ടി.ഐ. കലോൽസവവും നടത്തിപ്പോന്നത്. 22ന് രാവിലെ ഒൻപത് മണിക്ക് റജിസ്ട്രേഷൻ, പത്തു മണി മുതൽ ഒരു മണി വരെ സ്റ്റേജിതര മൽസരങ്ങൾ നടക്കും. ഉച്ചക്ക് 2.30നാണ് ഉദ്ഘാടന സമ്മേളനം.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സി.ഭാസ്കരൻ കലോൽസവം ഉദ്ഘാടനം ചെയ്യും. 23ന് ഒൻപത് മുതൽ മൂന്ന് മണി വരെയാണ് സ്റ്റേജ് ഇനങ്ങൾ. മൂന്ന് മണിക്ക് നടക്കുന്ന സമാപന സമ്മേളനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സി.എം. സരസമ്മ ഉദ്ഘാടനം ചെയ്യും.

സി.പി.എം. വാഹനജാഥ ബത്തേരിയിൽ ക്യാപ്റ്റൻ പി.എ. മുഹമ്മദിന് പതാക കൈമാറി പി.വി.വർഗീസ് വൈദ്യർ ഉദ്ഘാടനം ചെയ്യുന്നു.

വയനാട് പാക്കേജ്: റിസർവ് ബാങ്ക് സംഘം ഇന്ന് ജില്ലയിലെത്തും

ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബാംഗങ്ങളെയും കാണും

കൽപറ്റ: സംസ്ഥാനത്ത് ഏറ്റവും അധികം കർഷക ആത്മഹത്യകൾ നടന്ന വയനാട്ടിൽ കേന്ദ്ര പാക്കേജ് പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് റിസർവ് ബാങ്ക് വർക്കിങ് ഗ്രൂപ്പ് ഇന്നും നാളെയും ജില്ല സന്ദർശിക്കും.

ബാങ്ക് ഉദ്യോഗസ്ഥർ, കർഷക, കടബാധ്യതയിൽപെട്ട് ജീവനൊടുക്കിയ കർഷകരുടെ കുടുംബാംഗങ്ങൾ എന്നിവരുമായി മുന്നംഗ ഉദ്യോഗസ്ഥ സംഘം ചർച്ച നടത്തും.

റിസർവ് ബാങ്ക്, നബാർഡ് എന്നിവയുടെ പ്രതിനിധികൾ ഉൾപ്പെടുന്നതാണ് വർക്കിങ് ഗ്രൂപ്പ്. ഇന്ന് വൈകിട്ട് നാലരയ്ക്ക് കലക്ടറേറ്റ് ഡി.പി.ഇ.പി.ഹാളിൽ ജില്ലയിലെ ബാങ്ക് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തും.

നാളെ പുൽപള്ളി പഞ്ചായത്തിൽ വച്ച് നാൽപതോളം കർഷക പ്രതിനിധികളെയും സംഘം നേരിൽ കണ്ട് ചർച്ച നടത്തും.

വിവിധ സംഘടനകളുടെ നേതൃത്വത്തിൽ പറുദീസക്കവലയിൽ നടത്തിയ കുടുംബബന്ധ ഭദ്രതാ സെമിനാർ.

ടാഫിക് സിഗൽ സ്ഥാപിക്കണം

മാനന്തവാടി: ലിറ്റിൽ ഫ്ളവർ യു.പി സ്കൂളിന് മുന്നിൽ ട്രാഫിക് സിഗൽ ബോർഡും സീബ്രാ ലൈനും സ്ഥാപിക്കണമെന്ന് പി.ടി.എ യോഗം ആവശ്യപ്പെട്ടു. സ്കൂളിന് മുന്നിലൂടെ വാഹനങ്ങൾ അമിത വേഗതയിൽ സഞ്ചരിക്കുന്നത് അപകടങ്ങൾ വർധിപ്പിക്കുകയാണ്.

പലതവണ നിവേദനങ്ങൾ നൽകിയിട്ടും നടപടികൾ ഉണ്ടാകാത്തതിൽ യോഗം പ്രതിഷേധിച്ചു.

യു.എ.പൗലോസ് അധ്യക്ഷത വഹിച്ചു. സിസ്റ്റർ നമിത, തുളസീദാസ്, റഹീം, എ.വി.മാത്യു, ചന്ദ്രൻ, ജിജി, ജോസ്, രജിനി വിജയൻ, റെജി എന്നിവർ പ്രസംഗിച്ചു.

പഴയ കെട്ടിടം പൊളിച്ചു നീക്കണം

മാനന്തവാടി: ടൗണിലും പരിസരപ്രദേശങ്ങളിലും ജനങ്ങളുടെ ജീവന് ഭീഷണിയായി നിലകൊള്ളുന്ന പഴയ കെട്ടിടങ്ങൾ പൊളിച്ചു നീക്കണമെന്ന് മലനാട് സ്വാശ്രയ സംഘം ആവശ്യപ്പെട്ടു. ദാസൻ, എ.കെ.പൗലോസ്, ഷാനവാസ്, ദിലീപ് എന്നിവർ പ്രസംഗിച്ചു.

സെന്റ് മേരീസ് കോളജിന് അവധി

ബത്തേരി: ഇന്നും നാളെയും സെന്റ് മേരീസ് കോളജിൽ ഡിഗ്രി ക്ലാസുകൾക്ക് അവധിയായിരിക്കുമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

ഓണാഘോഷ മൽസരങ്ങൾ

അമ്പലവയൽ: വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിങ്ങിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ രണ്ടിന് ഓണാഘോഷ പരിപാടികൾ നടത്തും.

പുലിക്കളി മത്സരം, സ്ലോ മോട്ടോർ സൈക്കിൾ മത്സരം, പ്രഛന്നവേഷ മത്സരം എന്നിവ നടത്തും. ഫോൺ: 9446253436, 9446953482.

വേൾഡ് വിഷൻ സ്വാശ്രയ സദസ് ഭാരവാഹികൾക്കായി ബത്തേരിയിൽ സംഘടിപ്പിച്ച പരിശീലന ക്യാംപ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.എം.ജോയി ഉദ്ഘാടനം ചെയ്യുന്നു.

അംഗത്വം പുനസ്ഥാപിക്കാൻ അനുവദിക്കണം

കൽപറ്റ: കേരള കെട്ടിട നിർമാണ തൊഴിലാളി ക്ഷേമ നിധിയിൽ രജിസ്റ്റർ ചെയ്ത് രണ്ട് തവണയിലധികം അംശാദായം അടക്കുന്നതിൽ വീഴ്ച വന്ന തൊഴിലാളികൾക്ക് അംഗത്വം പുനസ്ഥാപിക്കാൻ പൊതു മാപ്പ് അനുവദിക്കണമെന്ന് കേരള കെട്ടിട നിർമാണ തൊഴിലാളി കോൺഗ്രസ് (കെ.കെ.എൻ.ടി.സി) ജില്ലാ ജനറൽ ബോഡി ആവശ്യപ്പെട്ടു.

നിർമാണ തൊഴിലാളികൾക്ക് ഓണത്തിന് മുമ്പ് ബോണസ് അനുവദിക്കുക, ആനുകൂല്യങ്ങൾ വർധിപ്പിച്ച ബോർഡ് തീരുമാനം നടപ്പാക്കുക, പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യ വിതരണത്തിലെ കാലതാമസം ഒഴിവാക്കുക എന്നീ ആവശ്യങ്ങളും ഉന്നയിച്ചു.

ജില്ലാ പ്രസിഡന്റ് എൻ.വേണുഗോപാൽ അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി കെ.ഈനാശു ഉദ്ഘാടനം ചെയ്തു. എം.നാരായണൻ, എ.ജെ.പാപ്പച്ചൻ, എം.പി.അലവി കുരിക്കൾ, പി.എൻ.സുന്ദരേശൻ, അഷറഫ് മച്ചിങ്ങൽ, സി.കെ.നാരായണൻ, കെ.പി.ഉണ്ണി, എ.എം.ലില്ലി, സി.സി.വർഗീസ് എന്നിവർ പ്രസംഗിച്ചു.

പഴശ്ശിരാജാ കോളജിന് ഒന്നാം സ്ഥാനം

പുൽപള്ളി: കോഴിക്കോട് സർവകലാശാല നാഷനൽ സർവീസ് സ്കീമിന്റെ 'ഇന്ത്യ മൈ ഹാർട്ട്' ക്യാംപയിനിന്റെ ജില്ലാതല ദേശഭക്തിഗാന മത്സരത്തിലും പ്രശ്നോത്തരിയിലും പുൽപള്ളി പഴശ്ശിരാജാ കോളജ് ഒന്നാം സ്ഥാനം നേടി.

ബത്തേരി സെന്റ് മേരീസ് കോളജിനാണ് രണ്ടാം സ്ഥാനം.

പ്രിൻസിപ്പൽ ഫാ.മാത്യു ബേബി കളരിക്കൽ ഉദ്ഘാടനം ചെയ്തു.

ഭാരവാഹികൾ

കാക്കവയൽ ഗവ.ഹയർ സെക്കൻഡറി പി.ടി.എ ഭാരവാഹികൾ: കെ.പത്മനാഭൻ (പ്രസി), ഹയറുന്നീസ (വൈ പ്രസി), മദർ പി.ടി.എ: ഉഷ തമ്പി (പ്രസി).

ബത്തേരിയിൽ കോളജ് വിദ്യാർഥികൾക്കായി നടത്തിയ നിയമ ബോധവൽക്കരണ ക്ലാസ് ജില്ലാ ജഡ്ജി എൻ.കെ.ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

'വൃദ്ധജനങ്ങളെ കുടുംബത്തിന്റെ സ്വത്തായി കരുതണം'

പുൽപള്ളി: വൃദ്ധമാതാപിതാക്കൾ കുടുംബത്തിന്റെ അവിഭാജ്യ ഘടകമായി കരുതി അവരെ സ്നേഹിക്കാനും അംഗീകരിക്കാനുമുള്ള സാഹചര്യം കുടുംബങ്ങളിൽ ഉണ്ടാവണമെന്ന് പറുദീസക്കവലയിൽ നടത്തിയ കുടുംബ ഭദ്രതാ സെമിനാർ അഭിപ്രായപ്പെട്ടു.

വൃദ്ധ അഗതി മന്ദിരങ്ങൾ നാട്ടിൽ വർധിച്ചുവരുന്നതിന് കാരണം കുടുംബങ്ങളുടെ ശിഥിലീകരണമാണ്. പകർച്ചവ്യാധികളോടും ദാരിദ്ര്യത്തോടും പടവെട്ടിഭൂമിയിൽ പൊന്നു വിളയിക്കാൻ കഷ്ടപ്പെട്ട മാതാപിതാക്കളിൽ പലരും ഇന്ന് കുടുംബങ്ങളിൽ അന്യരാകുന്നു.

അഭയ കുടുംബ സമിതി, വേൾഡ് വിഷൻ, സംഗമം സ്വാശ്രയ സംഘം എന്നിവരുടെ നേതൃത്വത്തിലായിരുന്നു പുതുമയാർന്ന സെമിനാർ. ഷിബു കുര്യാക്കോസ് ഉദ്ഘാടനം ചെയ്തു. കെ.എ.പൗലോസ് അധ്യക്ഷത വഹിച്ചു. വിൻസന്റ് ക്ലാസെടുത്തു. വി.ജെ.ജോയി, ജോണി പാറ്റാനി, കെ.ടി.സ്തീശൻ, കെ.എകസ്.ഷൈജു എന്നിവർ പ്രസംഗിച്ചു.

ക്വിസ് മത്സരം

പുൽപ്പള്ളി: വീട്ടിമൂല കൈരളി ലൈബ്രറി ആൻഡ് കൾച്ചറൽ ഓർഗനൈസേഷന്റെ നേതൃത്വത്തിൽ വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കുമായി ക്വിസ് മത്സരം നടത്തി. എം.കെ.അനിൽ, സാനി ജോസഫ്, ബിബിൻ കരുണാകരൻ, ഗ്ലാഡ്സൺ ബേബി, ജിജോ, എ.ബി.ബിനേഷ്, എ.ബി.ഡനീഷ് എന്നിവർ വിജയികളായി. പി.പി.തോമസ്, ടി.വി.വിൽസൻ, പി.കെ.സുനിൽബാബു, ടി.ബി.അരുൺ, എം.വി.സതീഷ്, ലിജോ വർഗീസ്, ടി.എസ്.ശ്രീജിത് എന്നിവർ പ്രസംഗിച്ചു.

പഠന ക്യാംപ്

കൽപറ്റ: എനർജി കൺസർവേഷൻ ക്ലബ്ബ്, എനർജി കൺസർവേഷൻ സൊസൈറ്റി, വൈദ്യുതി ബോർഡ് എന്നിവ ചേർന്ന് സെപ്റ്റംബർ രണ്ട്, മൂന്ന്, നാല് തീയതികളിൽകുമരകത്ത് ഊർജ പരിസ്ഥിതി പഠന ക്യാംപ് സംഘടിപ്പിക്കും.

പ്ലസ്ടു, വി.എച്ച്.എസ്.സി, കോളജ്, പോളി, ഐ.ടി.ഐ വിദ്യാർഥികൾക്ക് പങ്കെടുക്കാം. ഫോൺ: 206097, 9447216819.

ജില്ലാ സി.ബി.എസ്.ഇ സ്കൂൾ സഹോദയ ദിനം ബത്തേരിയിൽ പി.കൃഷ്ണപ്രസാദ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.

ENGG/MED Entrance 2007
REPEATERS COURSE
New Batch Starting 23rd August
T.I.M.E.
Triumphant Institute of Management Education Pvt. Ltd.
Opp. New Bus stand, Mavoor Road, Kozhikode
Tel : 0495-2721239, 6573503

ക്വാറി പ്രവർത്തനം സുഗമമാക്കണം

കൽപറ്റ: സ്ഫോടക വസ്തുക്കളുടെ പേര് പറഞ്ഞ് നൂറുകണക്കിന് തൊഴിലാളികളുടെ ഉപജീവന മാർഗമായ കരിങ്കൽ ക്വാറികളുടെ പ്രവർത്തനം സുഗമമായി നടത്താൻ സാഹചര്യം ഒരുക്കണമെന്ന് ഐ.എൻ.ടി.യു.സി ബ്ലോക്ക് കൺവൻഷൻ ആവശ്യപ്പെട്ടു.

സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ.ഗോപാലൻ ഉദ്ഘാടനം ചെയ്തു. പി.ചാത്തു അധ്യക്ഷത വഹിച്ചു. പി.എം.പ്രസന്നസേനൻ, പി.കെ.കുഞ്ഞിമൊയ്തീൻ, പി.പി.ആലി, പി.കെ.അനിൽകുമാർ, ബി.സുരേഷ് ബാബു, ഒ.ഭാസ്കരൻ, ഗിരീഷ് കൽപറ്റ എന്നിവർ പ്രസംഗിച്ചു.

ഭാരവാഹികൾ: ഒ.ഭാസ്കരൻ (പ്രസി), ഗിരീഷ് കൽപറ്റ, ജോർജ് മണ്ണത്താനി, ജോണി നന്നാട്ട് (വൈപ്രസി), നജീബ് പിണങ്ങോട്, പി.ടി.വർഗീസ്, മാടായി ലത്തീഫ്, സെയ്തലവി, പി.കെ.സുരേഷ് (സെക്രട്ടറിമാർ), ഒ.ബാബു (ട്രഷ).

അനധികൃത ടാക്സി: കർശന നടപടി വേണം

ബത്തേരി: സ്വകാര്യ വാഹനങ്ങളുടെ അനധികൃത സർവീസ് നിയന്ത്രിക്കാൻ നടപടി സ്വീകരിക്കണമെന്ന് മോട്ടോർ ആൻഡ് എൻജിനീയറിങ് വർക്കേഴ്സ് യൂണിയൻ (സി.ഐ.ടി.യു.) ഏരിയാ സമ്മേളനം ആവശ്യപ്പെട്ടു. ജീപ്പുകൾ മുതൽ ലക്ഷ്വറി കാറുകളും സ്വകാര്യ ടൂറിസ്റ്റ് ബസുകളും അനധികൃത സർവീസുകൾ നടത്തുന്നുണ്ട്. പ്രതിനിധി സമ്മേളനം യൂണിയൻ ജനറൽ സെക്രട്ടറി കെ.എസ്.ബാബു ഉദ്ഘാടനം ചെയ്തു. കെ.ജി.റെജി അധ്യക്ഷത വഹിച്ചു. പി.ആർ.ജയപ്രകാശ്, പി.കൃഷ്ണപ്രസാദ്എം.എൽ.എ., സി.ഭാസ്കരൻ, കെ.ശ്രീധരൻ, വി.വി.ബേബി, കെ.ശ്രീധരൻ, കെ.ഷമീർ, എ.പി.ബാലകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

ഭാരവാഹികൾ: പി.ജി.സോമനാഥൻ (പ്രസി), പി.ആർ.ജയപ്രകാശ് (സെക്ര).

പുസ്തക പ്രകാശനം

ബത്തേരി: റാവു ബഹദൂർ സി.ഗോപാലൻ നായർ രചിച്ച 'വയനാട് ജനങ്ങളും പാരമ്പര്യവും' മലയാള പരിഭാഷ 21ന് മൂന്നിന് പൂമല ബി.എഡ്. സെന്ററിൽ പ്രകാശനം ചെയ്യും. കെ.കെ.എൻ.കുറുപ്പ് ആണ് പ്രകാശനം നിർവഹിക്കുക.

ബോധവൽക്കരണം

ബത്തേരി: കേരള സ്റ്റേറ്റ് ലീഗൽ അതോറിറ്റിയുടേയും സെന്റ് മേരീസ് കോളജ് നാഷണൽസർവീസ് സ്കീമിന്റേയും നേതൃത്വത്തിൽ കോളജ് വിദ്യാർഥികൾക്കായി നടത്തിയ നിയമ ബോധവൽക്കരണ പരിപാടികളുടെ ജില്ലാതല ഉദ്ഘാടനം ജില്ലാ ജഡ്ജി എൻ.കെ.ബാലകൃഷ്ണൻ നിർവഹിച്ചു.

പ്രിൻസിപ്പൽ പ്രഫ.തോമസ് പോൾ അധ്യക്ഷത വഹിച്ചു. കെ.അശോകൻ, ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേട്ട് കെ.ബൈജുനാഥ്, അഡ്വ.ജോയി വളയംപിള്ളി, ജോയി.വി.പോൾ, എം.വിൽസൻ, കെ.രാമചന്ദ്രൻ എന്നിവർ പ്രസംഗിച്ചു. അഡ്വ.സി.സി.മാത്യു, അഡ്വ.ടി.പി.ഏലിയാസ്, അഡ്വ.പി.സി.ഗോപിനാഥ് എന്നിവർ ക്ലാസുകളെടുത്തു.

നാടൻ കലാ മത്സരം

കൽപറ്റ: നെഹ്റു യുവകേന്ദ്ര നെല്ലാറച്ചാൽ ഭാവലയ കലാസമിതിയുടെ സഹകരണത്തോടെ ബത്തേരി ബ്ലോക്കിലെ വനിതാ നാടൻ കലാമത്സരം സെപ്റ്റംബർ രണ്ടിന് പത്തു മണിക്ക് നെല്ലാറച്ചാൽ ഗവ.യു.പി സ്കൂളിൽ നടക്കും.

ക്യാംപ് നടത്തി

ബത്തേരി: വേൾഡ് വിഷൻ വയനാട് എ.ഡി.പി. ബ്ലോക്കിലെ കുടുംബസമിതി സ്വാശ്രയ സദസ് ഭാരവാഹികൾക്കായി സംഘടിപ്പിച്ച ദ്വിദിന നേതൃത്വ പരിശീലന കളരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.എം.ജോയി ഉദ്ഘാടനം ചെയ്തു.

കെ.ജെ.ബെന്നി അധ്യക്ഷത വഹിച്ചു. വി.വി.ചാക്കോ, പൊടിയമ്മ ഐസക്ക്, ജോർജ്, ജോസ്, ബെന്നി മാത്യു, ജോസഫ് കുട്ടി എന്നിവർ പ്രസംഗിച്ചു.

കയറ്റാനുള്ള ഭാരം
കയറാനുള്ള ചുരം
ഓടേണ്ട റോഡ്
ഒരേയൊരുത്തരം
ഇനിയെന്തു ചെയ്യും?
BAJAJ GC1000
ഇപ്പോൾ 3 സൗജന്യങ്ങൾ
1 രജിസ്ട്രേഷൻ
2 ഇൻഷുറൻസ്
3 റോഡ് ടാക്സ്
പ്രത്യേകതകൾ
416 സിസി, 8.5 bhp (6.3kw), 4 സ്ട്രോക്ക് ഡീസൽ എഞ്ചിൻ ഉയർന്ന ശക്തിയും ടോർക്കും നൽകുന്നു.
എത്രയധികം ഭാരം കയറ്റിയാലും വണ്ടിയുടെ മുൻഭാഗം ഉയരുകയില്ല.
എയർ കൂളിങ്ങും, ഓയിൽ കൂളിങ്ങും ഉള്ളതിനാൽ എഞ്ചിൻ ബോഡി ചൂടാകുകയില്ല.
ഫൂട്ട് ഓപ്പറേറ്റഡ് ക്ലച്ച് എളുപ്പത്തിൽ പ്രവർത്തിപ്പിക്കാൻ സഹായിക്കുന്നു.
ചെറുതിന്റെ ഒതുക്കം വലുതിന്റെ കരുത്ത്
Bajaj Auto Limited Cochin-25, Ph:0484 2336165
KVR MOTORS
West Hill, Kozhikode - 5, Ph:2363565, 2381233 (Service)
HOTLINE 98959 80004, 98958 13333
വടകര ഫോൺ- 2524313, ബാലുശേരി ഫോൺ- 2642060, 9447732442, കൊയിലാണ്ടി, ഫോൺ- 98463 25777, 2621944, കുന്ദമംഗലം ഫോൺ- 2801111, പേരാമ്പ്ര ഫോൺ- 3950025, 9446668608, രാമനാട്ടുകര ഫോൺ- 2441014, 9447229923, സു. ബത്തേരി ഫോൺ- 04936 222840, കൽപറ്റ ഫോൺ- 9447518506, 04936 203087, താമരശ്ശേരി ഫോൺ- 2225675, 9446694468, മാനന്തവാടി ഫോൺ- 9447546715

KRISTU JAYANTI COLLEGE
BANGALORE
Affiliated to Bangalore University
Managed by CMI FATHERS
B.A. TOURISM JOURNALISM, HISTORY, ECONOMICS, POLITICAL SCIENCE
B.Sc. COMPUTER SCIENCE, ELECTRONICS, STATISTICS, MATHEMATICS
For degree courses: Sports quota for state & national level players in basketball & football
The Principal, Kristu Jayanti College,
K. Narayanpura, Kothanur P.O., BANGALORE - 560 077 Ph: 080-28465611, 28465353, 28465770
Fax: 080-28445161
E-mail: kristujayanticollege@vsnl.com web: www.kristujayanti.com

STUDY IN LONDON
With Opportunity to WORK PART-TIME
GUARANTEED ADMISSION FOR SEPTEMBER 2006 TERM
If you are 10+2 or a Graduate. We have hundreds of courses to offer you in British Universities & Colleges based in London. MBA's, MS, DMS, CIMA, LLM, DIPLOMAS and many more....
Be in London in a Month
www.westbound.org
westbound® EDUCATIONAL SERVICES PVT. LTD.
123/124, 2nd Floor, D.D. Milestone, Kadavanthra Junction, Kochi-682020. Tel.: 0484-2204913, 2204441. E-mail: koh@westbound.org
5th Floor, Megabyte, Karimpanal Statue Avenue, General Hospital Road, Statue Junction, TRIVANDRUM-695001. KERALA. Tel.: 0471-2469125, 2469126 E-mail: tvm@westbound.org
No. 17/806, C-1, C-2, IInd Floor, City Centre, Opp. Baby Memorial Hospital, Mavoor Road, CALICUT-673004. KERALA. Tel.: 0495-2720802, 2720803. E-mail: cal@westbound.org
DUBAI : 0097142720060 & 0097142728687